**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1282** **03-02-2026 - ൽ മറുപടിയ്ക്ക്**

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനായുള്ള കണ്ടിജൻസി ചാർജ്ജ് അനുവദിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കൊല്ലം നഗര പാത വികസന പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 50 ലക്ഷം രൂപ കണ്ടിജൻസി ചാർജായും ഭൂമിയുടെ ഏകദേശ വിലയായ 435,65,03,641/- രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ